**Week: 3**

## Weekly Devotion- July 2016

# JEHOVA -ROHI (THE LORD OUR SHEPHERD)

## ഇടയനായ യഹോവ




കലാപരമായ കഴിവുകൾ പ്രകടിപ്പിക്കുവാൻ സഭാംഗങ്ങൾക്ക് ഒരു സന്ധ്യാ സമയം ഒരുക്കിയിരുന്നു. സഭയിൽ കുട്ടികളും മുതിർന്നവരും പലപരിപാടികളും അവതരിപ്പിച്ചു. യോഗം അവസാനിക്കുവാറായപ്പോൾ ഒരു ഗായക സംഘാംഗം മുൻപോട്ടു വന്ന് 'യഹോവ എന്റെ ഇടയനാകുന്നു.' എന്ന സങ്കീർത്തനം സംഗീതാത്മകമായി അവതരിപ്പിച്ചു. കേൾവിക്കാർ കരഘോഷം മുഴക്കി അദ്ദേഹത്തെ അഭിനന്ദിച്ചു. അല്പസമയത്തിനുശേഷം തനിക്ക് സ്വല്പം സമയം തരേണം എന്ന അപേക്ഷയുമായി ഒരു പിതാവ് മുൻപോട്ടു വന്നു. അനുവാദം ലഭിച്ചശേഷം സ്റ്റേജിൽ കയറിയ അദ്ദേഹം വ്യക്തവും സ്ഫുടവുമായ ശബ്ദത്തിൽ "യഹോവ എന്റെ ഇടയനാകുന്നു" എന്ന് പറഞ്ഞു തുടങ്ങി; കൂരിരുൾ താഴ്വരയിൽ-------- എന്ന വാക്യത്തിലേക്ക് എത്തിയപ്പോൾ ഇടയസാന്നിദ്ധ്യം അനുഭവിക്കുന്ന ആവേശത്തിലായിരുന്നു അദ്ദേഹം. കേൾവിക്കാരും ഇടയസാമീപ്യം അറിഞ്ഞു

എന്നതിന്റെ തെളിവായിരുന്നു കണ്ണുനീർ തുടയ്ക്കുന്ന വ്യക്തികൾ. യുവാവ് ആ സങ്കീർത്തനത്തിന്റെ സംഗീതമാണ് കണ്ടതെങ്കിൽ വയോധികൻ ഇടയനെയാണ് കണ്ടത്.നാം എങ്ങനെയാണ് അറിയുന്നത്. അദ്ദേഹത്തെ മൂന്ന് ഇടയസ്ഥാനങ്ങളാൽ ദൈവവചനത്തിൽ ചിത്രീകരിച്ചിരിക്കുന്നു.

## (1) നല്ല ഇടയൻ (യോഹ:10:11)

''ഞാൻ നല്ല ഇടയനാകുന്നു''; നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെക്കൊടുക്കുന്നു.നല്ല ഇടയൻ തനിക്കുള്ള സകല ആടുകളെയും കുറിച്ച് പൂർണ്ണ അറിവുള്ളവനാണ്. ആടുകളും യജമാനനെ അറിയുന്നു. കാരണം നല്ല ഇടയനായ യജമാനൻ സമൃദ്ധമായ ജീവനും സംരക്ഷണവും അവയ്ക്ക് നൽകുന്നു. നല്ല ഇടയൻ നൽകുന്നു. നല്ല ഇടയൻ നൽകുന്ന ജീവൻ അഞ്ചു വിധത്തിൽ പ്രാപ്യമാക്കാവുന്നതാണ്.

**(1) അവനിൽ പൂർണ്ണമായി വിശ്വസിക്കുന്ന ഏവർക്കും നിത്യജീവൻ ലഭ്യമാണ്.(യോഹ:3:16)**

**(2) പുത്രനെ അനുസരിക്കുന്നവന് ജീവൻ ഉണ്ട് പുത്രനെ അനുസരിക്കാത്തവന്റെ മേൽ ദൈവക്രോധം ഉണ്ടാകുന്നു. (യോഹ:3:36)**

**(3) ഉള്ളിൽ ദൈവസ്നേഹം ഇല്ലാത്തവർ ജീവൻ പ്രാപിക്കേണ്ടതിന് ദൈവസന്നിധിയിൽ വരുവാൻ മനസ്സ് കാണിക്കുന്നില്ല. എന്ന് യോഹ(5:40,42) വാക്യങ്ങളിൽ നിന്ന് ഗ്രഹിക്കാവുന്നതാണ്.**

**(4) നല്ല ഇടയൻ ദൈവത്തിന്റെ പുത്രനെന്ന് അറിഞ്ഞും വിശ്വസിച്ചും ജീവിക്കുന്നവർക്കാവശ്യമായ നിത്യജീവന്റെ വചനം അവനിൽ നിന്നു തന്നെ പ്രാപ്യമാണ്. യോഹ:6:68,69**

**5) നല്ല ഇടയൻ , ആടുകളുടെ വാതിലാകുന്നു. ആടുകൾ ഇടയന്റെ ശബ്ദം അറിഞ്ഞ് ഇടയനെ അനുഗമിക്കുന്നു.ഇടയൻ അവയ്ക്ക് നിത്യജീവൻ കൊടുക്കുന്നു. അവർ ഒരിക്കലും നശിച്ചു പോകുന്നുമില്ല. (യോഹ:10:27,28)**

യഥാർത്ഥ ഇടയനല്ലാത്തവൻ ചെന്നായ് വരുമ്പോൾ ആടുകളെ വിട്ട് ഓടിപ്പോകുന്നു. എന്നാൽ നല്ല ഇടയൻ തന്റെ ആടുകളെ ഏത് കഷ്ട

ത്തിലും പ്രതികൂലത്തിലും കൈവിടാതെ കൂടെ നിൽക്കുന്നു. ഇന്ന് ഇടയന്മാർ എന്ന് സ്വയം പറയുന്നവർ പലരും ആടുകളെ അറിയുകയോ, സംരക്ഷിക്കുകയോ ചെയ്യുന്നില്ല. ബലഹീനമായതിനെ ശാക്തീകരിക്കുകയോ, ദീനം പിടിച്ചതിനെ ചികിത്സിക്കുകയോ ചെയ്യാതെ അവയോട് ക്രൂരമായി പെരുമാറുന്നു. യഥാർത്ഥ ഇടയനെ കാണാതെ കൂട്ടംതെറ്റി പലതും അലഞ്ഞ് നടക്കുന്നു. ഇന്നത്തെ പല ഇടയൻമാരും സഭയെ ഭരിക്കുന്നവരാണ്. സഭയെ അഥവാ ഇടവകയെ ഭരിക്കാതെ, ഇടയനും ആടും എന്ന ബന്ധം സുദൃഢമാക്കുന്നവർക്കു മാത്രമേ നല്ല ഇടയൻ ആകുവാൻ കഴിയുകയുള്ളൂ.

## (2) വലിയ ഇടയൻ എബ്രാ:13:20

നിത്യ നിയമത്തിന്റെ രക്തത്താൽ ആടുകളുടെ വലിയ ഇടയനായ നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരുടെ ഇടയിൽ നിന്ന് മടക്കി വരുത്തി എന്ന് (എബ്രാ:13:20)ൽ കാണുന്നു.

എന്തിനാണ് അവനെ മടക്കിവരുത്തിയത് അഥവാ അവൻ ഉയിർത്തെഴുന്നേറ്റത്.

**(1) താൻ ദൈവപുത്രനെന്ന് വെളിപ്പെടുത്തുവാൻ.**

**(2) തന്റെ ജനത്തിന് പാപമോചനവും മാനസാന്തരവും നൽകുവാൻ**

**(3) അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ച നമ്മെ ഉയർപ്പിച്ച് സ്വർഗ്ഗത്തിലെത്തിക്കുവാൻ**

**(4) പാപമരണത്തെ നീക്കുവാൻ**

**(5) നമ്മെ ആദ്യഫലമാക്കുവാൻ.**

## (3)ശ്രേഷ്ഠ ഇടയൻ(1പത്രോ:5:4)

“എന്നാൽ ഇടയശ്രേഷ്ഠൻ പ്രത്യക്ഷനാകുമ്പോൾ നിങ്ങൾ തേജസ്സിന്റെ വാടാത്ത കിരീടം പ്രാപിക്കും” എന്തുകൊണ്ടാണ് അവനെ ശ്രേഷ്ഠ ഇടയൻ എന്ന് വിളിക്കുന്നത്

**1. അവന്റെ നാമം ശ്രേഷ്ഠമാണ്.കൂടാതെ ജനനം,ഉപദേശം, അത്ഭുതങ്ങൾ,മരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം ഇവയെല്ലാം ശ്രേഷ്ഠമാ**

**യവ അത്രേ അവൻ ആലോചനയിൽ അതിശയവും, ജ്ഞാനത്തിൽ ഉൽകൃഷ്ടതയും ഉള്ളവനാകുന്നു.(യെശ:28:29)**

**3. യഹോവ ശക്തിയിൽ അത്യുന്നതൻ ആണ്.ന്യായവും,നീതിയും ഭംഗം വരുത്താതെ ചെയ്യുന്നവനുമാണ്.(ഇയ്യോബ് 37:23)**

അതായത് 'ശ്രേഷ്ടത' എന്ന പദം ദൈവീകമാണ്. ഇനിയും നമ്മെ ചേർക്കുവാൻ കർത്താവ് മേഘപ്രത്യക്ഷതയിൽ വരുമ്പോൾ വിശുദ്ധൻമാർ മദ്ധ്യാകശത്തിലേക്ക് എടുക്കപ്പെടും. എടുക്കപ്പെടുന്ന ഭാഗ്യ വാൻമാരോടൊപ്പം നാമും കാണുമോ?

അതിനായി പിമ്പിലുള്ളത് മറന്ന്, മുമ്പിലുള്ളതിന് ആഞ്ഞും കൊണ്ട് ക്രിസ്തു യേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കി ലേക്ക ഓടുവാൻ ദൈവം നമ്മെ ശക്തിപ്പെടുത്തട്ടെ.

## <u>പ്രാർത്ഥന</u>

എന്റെ ജീവിതകാലത്ത് കുറവുകൾ ക്ഷമിച്ച് നന്മയാലും കരുണയാലും എന്നെ നടത്തുന്ന ഇടയനായ യേശുവേ ! അങ്ങ് എന്റെ ഇടയനാകയാൽ സ്തോത്രം. അങ്ങയുടെ വചനമാകുന്ന പുല്പുറത്തിൽ എന്നെ കിടത്തിയ തിനാലും, നിറച്ചതിനായും സ്തോത്രം. ഇടയനായി തുടർന്നും നടത്തേണ മേ,

ആമേൻ

Santhamma Varghese

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind